# Musiris Musings

BLOSSOM — THE MAGIC OF ROTARY

Club No. :15856 | WEEKLY NEWS BULLETIN OF ROTARY CLUB OF KODUNGALLUR | RI District : 3201






GUEST SPEAKER MEETING CONDUCTED ON 19.07.2024

19.07.2024 വെള്ളിയാഴ്ച പ്രസിഡന്റ് Rtn. ടി.എൽ. സത്യന്റെ അധ്യക്ഷതയിൽ വൈകീട്ട് 8.05ന് മീറ്റിംഗ് ആരംഭിച്ചു. സർജന്റ് അറ്റ് ആം Rtn. ടി.പി. ഷാനവാസ് പ്രസിഡന്റിനെ കോളർ ചെയ്തു.

Rtn. മേജർ ജനറൽ പി. വിവേകാനന്ദൻ റോട്ടറി ഇൻവൊക്കേഷനും ഫോർവേ ടെസ്റ്റും ചൊല്ലിക്കൊടുത്തു.

സെക്രട്ടറി കഴിഞ്ഞ മീറ്റിംഗിന്റെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കി.

ജൂലൈ 20ന് പെരിഞ്ഞനം ക്ലബ്ബിന്റെയും ജൂലൈ 21ന് ഇരിങ്ങാലക്കുട സെൻട്രൽ ക്ലബ്ബിന്റെയും ഇൻസ്റ്റലേഷൻ ചടങ്ങിലേക്ക് ക്ഷണക്കത്ത് ലഭിച്ച വിവരം പ്രസിഡന്റ് അറിയിച്ചു. കഴിയാവുന്ന മെമ്പർമാർ പങ്കെടുക്കുവാനും അഭ്യർത്ഥിച്ചു.

ജൂലൈ 28ന് നടക്കുന്ന വർണ്ണോത്സവം ചിത്രരചനാമത്സരത്തിന്റെ നോട്ടീസും അഭ്യർത്ഥനയും 22 സ്കൂളുകളിൽ എത്തിച്ചതായും കൊടുങ്ങല്ലൂരും പരിസരത്തും ബാനറുകൾ സ്ഥാപിച്ചതായും ചെയർമാൻ Rtn. ടി.സി. ബോസ് അറിയിച്ചു.

ജൂലൈ 13, 14 തിയ്യതികളിലായി നടന്ന ബാച്ച്ലർ ട്രിപ്പ് വളരെ ഗംഭീരമായെന്ന് ടൂർ കോർഡിനേറ്റർ Rtn. പി.എസ്. ശ്രീകുമാർ അറിയിച്ചു. പങ്കെടുത്തവർക്ക് നന്ദിയും രേഖപ്പെടുത്തി.

ജൂലൈ 18ന് ഗവ. എൽ.പി. സ്കൂളിൽ നടത്തിയ ദന്തപരിശോധനാക്യാമ്പിൽ 200-ഓളം കുട്ടികൾ പങ്കെടുത്തു. ക്യാമ്പിന് കോർഡിനേറ്റർ Rtn. ഡോ. അർജ്ജുൻ പ്രകാശ് നേതൃത്വം കൊടുത്തു.

അന്നേദിവസം തന്നെ ഗവ. എൽ.പി. സ്കൂളിലെ കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുള്ള വായനക്കളരിയുടെ ഭാഗമായി 5 ദിനപത്രങ്ങൾ നൽകിയ വിവരവും പ്രസിഡന്റ് അറിയിച്ചു.

ഗസ്റ്റ് സ്പീക്കർ ചാർട്ടേഡ് അകൗണ്ടന്റ് ശ്രീ. പ്രമോദ് പ്രഭുവിനെ Rtn. പി. രാജൻമേനോൻ സദസ്സിന് പരിചയപ്പെടുത്തി.





DENTAL CAMP

ഗസ്റ്റ് സ്പീക്കർ CA പ്രമോദ്പ്രഭു ബിസിനസ്സുകാർക്കുള്ള ഇൻകംടാക്സ് റിട്ടേൺ സമർപ്പിക്കുന്നതിനെക്കുറിച്ചും ക്യാഷ് ആയി എത്ര പണം നൽകാമെന്നും സ്വീകരിക്കാമെന്നും ഇൻകം ടാക്സ് റിട്ടേൺ നൽകുമ്പോൾ ബാങ്കിലൂടെ ചെയ്യുന്ന പണമിടപാടുകൾ ഓട്ടോമാറ്റിക് ആയി ഇൻകംടാക്സ് ഓഫീസിൽ ലഭിക്കുമെന്നും റിട്ടേൺ സമർപ്പണത്തിൽ വ്യത്യാസമുണ്ടെങ്കിൽ നോട്ടീസ് വരാൻ സാധ്യതയുണ്ടെന്നും അതിന് കൃത്യമായ മറുപടി നൽകാൻ ബാധ്യസ്ഥരാണെന്നും ഓർമ്മിപ്പിച്ചു.

റോട്ടറി മെമ്പർമാരുടെ സംശയങ്ങൾക്കുള്ള മറുപടി അദ്ദേഹം കൃത്യമായി നൽകി.

ഗസ്റ്റ് സ്പീക്കർക്ക് Rtn. കെ.പി. പ്രേംനാഥ് നന്ദി അറിയിച്ചു.

മീറ്റിംഗിൽ 33 മെമ്പർമാർ പങ്കെടുത്തു.

മീറ്റിംഗിന്റെ ഫുഡ് & ഫെല്ലോഷിപ്പ് പ്രസിഡന്റ് സ്പോൺസർ ചെയ്തു.

അടുത്ത ആഴ്ചയിലെ ചോയ്സ് ഓഫ് ഫുഡ് ലഭിച്ചിരിക്കുന്നത് Rtn. ഡോ. രവികുമാറിനാണ്

മീറ്റിംഗിൽ പങ്കെടുത്ത എല്ലാ മെമ്പർമാർക്കും ഗസ്റ്റ് സ്പീക്കർക്കും സെക്രട്ടറി നന്ദി രേഖപ്പെടുത്തി. മീറ്റിംഗ് 9 മണിക്ക് അവസാനിച്ചു.

Rtn. ടി.എൽ. സത്യൻ
പ്രസിഡന്റ്

Rtn. എം.എ. ജോഷി
സെക്രട്ടറി



VAYANAKALARI



BACHELOR TRIP